(1)	(2)	(3)	(4)
7	ആലപ്പുഴ	10	852.00
8	കൊല്ലം	19	1467.80
9	തിരുവനന്തപുരം	41	703.43
	ആകെ	115	7087.57

(സി) 115 ടി.ആർ.പി. പദ്ധതികളിൽ നാളിതുവരെ 95 പദ്ധതികൾ പൂർത്തീകരിച്ചു. ഇവയിൽ 2 പദ്ധതികൾ ഒഴികെ ബാക്കി പദ്ധിതികളെല്ലാം മാർച്ച് 31-ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതികൾവഴി 9 ജില്ലകളിലായി പദ്ധതി പ്രദേശത്തെ 8,27,293 പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്.

(ഡി) എ.ഡി.ബി.യുടെ സഹായത്തോടെ കൊല്ലം, ആലപ്പുഴ ജില്ലകളിലെ സുനാമി ബാധിത പ്രദേശങ്ങളിലേക്കുള്ള 2 സമഗ്ര ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(1) കൊല്ലം ജില്ലയിലെ ആലപ്പാട്, ക്ലാപ്പന, കരുനാഗപ്പള്ളി, ഓച്ചിറ പഞ്ചായത്തുകളിലേക്കും

(2) ആലപ്പുഴ ജില്ലയിലെ കായംകുളം മുനിസിപ്പാലിറ്റിയിലേക്കും ആറാട്ടുപുഴ പഞ്ചായത്തിലേക്കുമുള്ള സമഗ്ര കുടിവെള്ള പദ്ധതികൾ.

ഈ പദ്ധതികൾവഴി പദ്ധതി പ്രദേശത്തെ 2,18,209 പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

സുസ്ഥിര നഗരവികസന പദ്ധതികളുടെ ഭാഗമായി നടത്തേണ്ട കുടിവെള്ള പദ്ധതികൾ

130 (580) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സുസ്ഥിര നഗരവികസന പദ്ധതികളുടെ ഭാഗമായി മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ നടത്തേണ്ടതായ ഏതെങ്കിലും കുടിവെള്ള പദ്ധതികളോ, ഡ്രെയിനേജ് പദ്ധതികളോ ജല അതോറിറ്റിക്ക് നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികളാണ് ജല അതോറിറ്റിക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) സുസ്ഥിര നഗരവികസന പദ്ധതിയുടെ ഭാഗമായി കുടിവെള്ള പദ്ധതികളും മലിനജല നിർമ്മാർജ്ജന പദ്ധതികളും പൂർത്തീകരിക്കുന്നതിൽ വന്നിട്ടുള്ള കാലതാമസം എന്തെല്ലാമെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ആയത് പരിഹരിക്കുന്നതിനുള്ള എന്തെല്ലാം നടപടിക്രമങ്ങളാണ് ജലവിഭവ വകുപ്പ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സുസ്ഥിര നഗരവികസന പദ്ധതിയുടെ ഭാഗമായി മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ നടത്തേണ്ടതായ താഴെപ്പറയുന്ന കുടിവെള്ള പദ്ധതികളും ഡ്രെയിനേജ് പദ്ധതികളുമാണ് നാളിതുവരെ ജല അതോറിറ്റിക്ക് നൽകിയിട്ടുള്ളത് ;

(1) കുടിവെള്ള പദ്ധതികൾ—തൃശ്ശൂർ നഗരസഭയ്ക്കുവേണ്ടി പീച്ചി മുതൽ ചെമ്പുക്കാവുവരെ 18.75 കി.മീറ്റർ ദൂരം 700 മി.മീറ്റർ ഡക്ടയിൽ അയൺ ട്രാൻസ്മിഷൻ മെയിൻ പൈപ്പ് സ്ഥാപിക്കാൻ 42.182 കോടി രൂപ അടങ്കൽ തുകയുടെ പ്രവൃത്തി ;

(2) ആലുവായിൽ നിലവിലുള്ള ജല ശുദ്ധീകരണശാലയുടെ നവീകരണവും പുനരുദ്ധാരണവും മറ്റ് അനുബന്ധ പണികളും 14.35 കോടി രൂപ അടങ്കൽ തുകയുള്ള പ്രവൃത്തി.

(3) തിരുവനന്തപുരത്ത് വലിയതുറയിൽ 107 മില്ല്യൻ ലിറ്റർ സംസ്ക്കരണ ശേഷിയുള്ള സീവേജ് സംസ്ക്കരണശാല (STP) സ്ഥാപിക്കുന്ന ജോലി അഞ്ച് വർഷത്തെ അറ്റകുറ്റപണി ഉൾപ്പെടെ. അടങ്കൽ തുക 80 കോടി രൂപയുടെ പ്രവൃത്തി.

(4) തിരുവനന്തപുരം കോർപ്പറേഷനിലേയും സമീപ പഞ്ചായത്തുകളിലേയും ശുദ്ധജല വിതരണ വിപുലീകരണത്തിനായുള്ള 8716 ലക്ഷം രൂപയുടെ പദ്ധതി ;

(സി) (1) തൃശ്ശൂർ നഗരസഭയ്ക്കുവേണ്ടിയുള്ള മുകളിൽപറഞ്ഞ പദ്ധതി പൂർത്തീകരിക്കുന്ന അവസാന തീയതി 31-8-2011 ആയിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്.

(2) ആലുവയിലെ ജലശുദ്ധീകരണശാലയുടെ നവീകരണവും പുനരുദ്ധാരണവും പൂർത്തീകരിക്കാനുള്ള തീയതി ജൂലൈ 2012 ആയി നിശ്ചയിച്ചിട്ടുണ്ട്.

(3) തിരുവനന്തപുരം വലിയതുറയിലെ 107 MLD STP-യുടെ പണി പൂർത്തീകരിക്കാനുള്ള അവസാന തീയതി 26-3-2011 ആണ്. തിരുവനന്തപുരം കോർപ്പറേഷനിലേയും സമീപ പഞ്ചായത്തുകളിലേയും ശുദ്ധജല വിതരണ വിപുലീകരണത്തിനായുള്ള 8716 ലക്ഷം രൂപയുടെ പദ്ധതി 2011 നവംബർ മാസത്തിലാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സുസ്ഥിര നഗരവികസന പദ്ധതിയുടെ ഭാഗമായി കുടിവെള്ള പദ്ധതികളും മലിനജല നിർമ്മാർജ്ജന പദ്ധതികളും പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം നേരിടുന്നത് താഴെപ്പറയുന്ന പ്രധാന കാരണങ്ങളാലാണ് :

(1) പമ്പിംഗ് സ്റ്റേഷനുകൾക്കും പൈപ്പ് ലൈനുകൾക്കും ആവശ്യമായ സ്ഥലം കിട്ടാനും ഏറ്റെടുക്കാനുമുള്ള താമസം.

(2) ഡ്രെയിനേജ് പദ്ധതികൾ ഏറ്റെടുത്ത് ചെയ്യുന്നതിന് പരിജ്ഞാനമുള്ള കരാറുകാരുടെ അഭാവം.

(3) കരാർ ഏറ്റെടുക്കാൻ വരുന്ന കരാറുകാർ നൽകുന്ന കൂടിയ നിരക്ക് കാരണം വീണ്ടും വീണ്ടും ദർഘാസ് ക്ഷണിക്കേണ്ട അവസ്ഥ.

(ഇ) പണികൾ ഏറ്റെടുക്കുന്നതിന് കഴിവുള്ള കോൺട്രാക്ടർമാരെ ഉൾപ്പെടുത്തി കെ.എസ്.യു.ഡി.പി.-യുടെ ആഭിമുഖ്യത്തിൽ വർക്ഷോപ്പുകൾ നടത്തി പദ്ധതികൾ പരിചയപ്പെടുത്തി. വലിയ കോൺട്രാക്ടർമാരെ ആകർഷിക്കുന്നതിനായി ടെണ്ടറുകൾ കമ്പൈയിൻ ചെയ്ത് വലുതാക്കി ക്ഷണിക്കുന്നതിന് നടപടികൾ നടന്നുവരുന്നു. ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടപ്പിലാക്കുന്നത് നഗരസഭയാണ്. നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സ്ഥലമെടുപ്പ് പൂർത്തിയാക്കുന്നതിനുള്ള ശ്രമം നടക്കുന്നുണ്ട്. പി.ഡബ്ല്യു.ഡി. അധികാരികളുമായി ബന്ധപ്പെട്ട് റോഡ് കട്ടിംഗിനാവശ്യമായ അനുമതി അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള ശ്രമം നടന്നുവരുന്നു.

തൃശ്ശൂർ കോർപ്പറേഷനിൽ തടസ്സങ്ങൾ നീക്കം ചെയ്യുന്നതിന് അഡീഷണൽ പ്രോജക്ട് മാനേജരുടെ നേതൃത്വത്തിൽ മീറ്റിംഗ് വിളിച്ചുകൂട്ടി പരാതി പരിഹരിക്കുകയും കോർപ്പറേഷൻ തലത്തിൽ കെ.എസ്.യു.ഡി.പി. തിരുവനന്തപുരവുമായി ബന്ധപ്പെട്ടും നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

കടങ്ങോട് സമഗ്ര ശുദ്ധജല പദ്ധതി

131 (581) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കടങ്ങോട് സമഗ്ര ശുദ്ധജല പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) ഈ പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കടങ്ങോട് സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ എല്ലാ വർക്കുകളും പൂർത്തിയായിട്ടുണ്ട്. പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ എന്നിവ ചാർജ്ജ് ചെയ്ത് മാസ്റ്റർ ടാങ്കിലും 4 ഓവർ ഹെഡ് ടാങ്കിലും വെള്ളം എത്തിച്ചിട്ടുണ്ട്. വിതരണ ശൃംഖലയുടെ ചാർജ്ജിംഗ് ആന്റ് കമ്മീഷനിംഗ് വർക്കുകൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly